**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 477** **09.02.2016-ൽ മറുപടിയ്ക്ക്**

## പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിലൂടെ ലഭ്യമാകുന്ന തുക.

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിലൂടെ കെ. എസ്. ഇ. ബി. യ്ക്കു ലഭിച്ച തുകയുടെ കണക്ക് ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിരക്ക് സംസ്ഥാനാടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനായി അനുവർത്തിക്കുന്ന നടപടിക്രമം എന്തെന്ന് അറിയിക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) (ബി) & (സി) കേരള ഗവൺമെന്റ് ഉത്തരവ് സ. ഉ. (കൈ) നം. 194/2014/ത.സ്വ.ഭ.വ, സ. ഉ (കൈ) നം. 195/2014/ ത.സ്വ.ഭ.വ എന്നിവ പ്രകാരം പൊതു നിരത്തിലെ വൈദ്യുതി കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ളക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്കു ചുറ്റിലും നിശ്ചിത വലുപ്പത്തിൽ മെറ്റൽ ക്ളാഡിംഗ് ചെയ്തു വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് നഗരസഭാ റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യ ദാതാക്കളിൽ നിന്നു നഗരങ്ങളിലെ മാർക്കറ്റ് നിരക്ക് അനുസരിച്ചുള്ള തുക ഈടാക്കിക്കൊണ്ട് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും വൈദ്യുതി കാലുകളുടെ ഉടമസ്ഥാവകാശം കെ. എസ്. ഇ. ബി. യിൽ തന്നെ നിക്ഷിപ്തമാക്കി അവരുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് തുടർ നടപടികൾ എടുക്കുവാൻ ക്ളീൻ കേരള കമ്പനി ലിമിറ്റഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ഡിസ്ട്രിബ്യൂഷൻ (സൗത്ത് സെൻട്രൽ, നോർത്ത്) വിഭാഗം ചീഫ് എഞ്ചിനീയർമാരാണ്. അതേസമയം ക്ളീൻ കേരള കമ്പനി, സെക്രട്ടറി, കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ പേരിൽ 4,09,494/- (നാലു ലക്ഷത്തി ഒൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി നാലു രൂപാ മാത്രം) രൂപയ്ക്കുള്ള ചെക്ക് 06-08-2015-ൽ കൈമാറിയിട്ടുണ്ട്.

ഗവൺമെന്റ് ഉത്തരവ് പ്രകാരം പരസ്യ നികുതി ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട നികുതി ഒഴിച്ചുള്ള തുകയുടെ 20% ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ട ഇനത്തിലാണ് ഈ തുക അടച്ചിട്ടുള്ളത്. സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്ളീൻ കേരള കമ്പനിയുടെ രേഖകൾ ഒത്തുനോക്കി മാത്രമേ അടച്ച തുക പര്യാപ്തമാണോയെന്നും, ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാകുകയുള്ളൂ.

**സെക്ഷൻ ഓഫീസർ.**